# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 602 — 31.10.2016 ൽ – മറുപടിക്ക്

### റേഷൻ മൊത്തവ്യാപാര വിതരണം

**ചോദ്യം**

ശ്രീ.ഹൈബി ഈഡൻ
,, സണ്ണി ജോസഫ്
,, റോജി എം .ജോൺ
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

(എ) മൊത്തവ്യാപാരികളെ ഒഴിവാക്കി എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നും റേഷൻ സാധനങ്ങൾ എടുത്ത് സർക്കാരിന്റെ സംഭരണ ശാലകളിൽ സൂക്ഷിച്ച് വിതരണത്തിന് എത്തിക്കാനുള്ള പദ്ധതിയിൽ റേഷൻ സാധനങ്ങളുടെ കരിഞ്ചന്തയും മറിച്ചുവില്പനയും തടയാൻ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാം?

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി)

(എ) FCI ഗോഡൗണിൽ നിന്നും മധ്യതല സംഭരണശാലകളിലേക്ക് വിതരണം ചെയ്യുന്നതിനുള്ള ഭക്ഷ്യധാന്യങ്ങളുടെ തൂക്കം FCI ഗോഡൗണിൽ നിന്ന് സ്റ്റോക്കെടുക്കുന്ന സമയത്ത് തന്നെ അതാത് മധ്യതല സംഭരണശാലകളിലെ കമ്പ്യൂട്ടറിൽ ലഭ്യമാകുന്ന തരത്തിലും, മധ്യ തല സംഭരണശാലകളിൽ നിന്നും ഭക്ഷ്യ ധാന്യങ്ങൾ റേഷൻ കടകളിൽ എത്തിച്ചേരുന്ന വേളയിൽ തന്നെ ഭക്ഷ്യധാന്യങ്ങളുടെ തൂക്കം, ഇനം, വിഹിതം മുതലായ വിവരങ്ങൾ ഉപഭോക്താവിന്റെ ഫോണിൽ SMS സന്ദേശമായി എത്തുന്ന തരത്തിലുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് പുറമേ FCI ഗോഡൗണിൽ നിന്നും മധ്യതല സംഭരണ ശാലകളിലേക്കും അവിടെ നിന്നും റേഷൻകടകളിലേക്കുമുള്ള വാഹനത്തിൽ ജി.പി.എസ്. ഘടിപ്പിക്കുക വഴി അവയുടെ നീക്കം ഇലക്ട്രോണിക്കലായി നിരീക്ഷിക്കുന്നതിനും സാധിക്കുന്നതാണ്. ഭക്ഷ്യ ധാന്യങ്ങളുടെ വാതിൽപ്പടി വിതരണ സംവിധാനവും, വിതരണശൃംഖലാ മാനേജ്മെന്റ് സംവിധാനവും നടപ്പാക്കുന്നതിന് സർക്കാർ ഏജൻസിയായ സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനാവശ്യമായ വിശദമായ പദ്ധതി റിപ്പോർട്ട് സപ്ലൈകോ തയ്യാറാക്കി വരുന്നുണ്ട്. മേൽ പരാമർശിച്ച സംവിധാനങ്ങൾക്കാവശ്യമായ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ കേന്ദ്ര സർക്കാർ സ്ഥാപനമായ **National Informatics Centre (NIC)** തയ്യാറാക്കിയിട്ടുണ്ട്. 2016 നവംബർ മാസത്തോടെ ടി പദ്ധതിയുടെ പൈലറ്റ് പ്രോജക്റ്റ് കൊല്ലം ജില്ലയിലും 2017 ഏപ്രിൽ ഒന്നാം തീയതിയോടെ സംസ്ഥാനത്തുടനീളവും നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

*സെക്ഷൻ ഓഫീസർ*